# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 266 — 07/08/2017-ൽ മറുപടിക്ക്

## ലാബുകളിലെയും ആശുപത്രികളിലെയും ഫീസ് നിരക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ശശി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ആരോഗ്യദൗത്യം വഴി നടപ്പിലാക്കിയിട്ടുള്ള ലാബുകളിൽ വിവിധ നിരക്കിൽ ഫീസ് ഈടാക്കി വരുന്നതും, ഒപ്പം സ്വകാര്യ ലാബുകൾ ഓരോന്നും ഓരോതരം ഫീസ് ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സംസ്ഥാനത്തെ സർക്കാർ ലാബുകൾ, ആരോഗ്യദൗത്യം വഴി സ്ഥാപിച്ചവയുൾപ്പെടെ സർക്കാർ ആശുപത്രികളിൽ പ്രവർത്തിയ്ക്കുന്നവയായ ലാബുകൾക്കും സ്വകാര്യ ലാബുകൾക്കും ഇത്തരത്തിൽ അമിതഫീസ് ഈടാക്കാതിരിക്കാനും കൃത്യതയോടെ റിസൾട്ട് നല്കുവാനും അല്ലാതുള്ള എല്ലാ ലാബുകൾക്കെതിരെ കർശന ശിക്ഷ/നിയമ നടപടികൾ നടത്തുന്നതിനും ഫലപ്രദമായ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും നിലവിൽ എന്തു നടപടികൾ സ്വികരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി)<br>സി)<br>ഡി) | സമഗ്ര ആരോഗ്യദൗത്യം വഴി നടപ്പിലാക്കിയ ലാബുകളുടെ പ്രവർത്തനം ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി (എച്ച്.എം.സി)-യുടെ നിയന്ത്രണത്തിലാണ്. ലാബ് ടെക്നീഷ്യനെ നിയമിക്കുന്നതും അവർക്ക് വേതനം നൽകുന്നതും ലാബിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതും എച്ച്.എം.സി ഫണ്ടിൽ നിന്നാണ്. ആയതിനാൽ ഓരോ ലാബിന്റെയും വരുമാനവും ചെലവും അതനുസരിച്ച് യൂസർ ഫീ തീരുമാനിക്കുന്നത് അതത് എച്ച്.എം.സി-യാണ്. സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമം ആകുന്നതോടെ ഇക്കാര്യങ്ങളിൽ ഗുണപരമായ മാറ്റം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | എങ്കിൽ അടുത്തകാലത്ത് വിവിധയിനം പനികളുണ്ടായ സമയത്ത് സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത ഫീസ് ഈടാക്കിയതും കൃത്യതയുള്ള റിസൾട്ട് നല്കാത്തതും ശ്രദ്ധയിൽപ്പെട്ടുവോ; ആയതിന് എന്തു നടപടി സ്വീകരിച്ചു; | | |
| ഡി) | ഇത് ആവർത്തിക്കാതിരിക്കാനും പ്രസ്തുത മേഖലയിലെ കൊള്ള അവസാനിപ്പിക്കാനും ഫലപ്രദമായ ഒരു നിയമനിർമ്മാണം എപ്പോൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ